# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1200

11.02.2016-ന് മറുപടിയ്ക്ക്

**ബൈപാസ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനിയിൽ ബൈപാസ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; | എ) കോഴിക്കോട് ജില്ലയിൽ കൊടുവള്ളി നിയോജകമണ്ഡലത്തിൽ നരിക്കുനി ബൈപാസ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിന് പുതിയ എൽ.എ ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുള്ളതിനാൽ പുതിയ ആക്ട് പ്രകാരം അർത്ഥന സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | ബി) നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി എടുക്കുന്നതിന് ഭൂവുടമകൾ സമ്മതം നൽകുകയാണെങ്കിൽ പർച്ചേസ് കമ്മിറ്റി ചേർന്ന് വില നിർണ്ണയിച്ച് സംസ്ഥാന തല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.<br>നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി എടുക്കുന്നതിന് ഭൂവുടമകൾ സമ്മതം നൽകിയില്ലെങ്കിൽ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ